**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** — **11-09-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ മെച്ചപ്പെടുത്താൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ്. കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | **കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ് കേന്ദ്രീകരിച്ച് പ്രവൃത്തിക്കുന്ന തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിൽ പ്രധാനമായും 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഡ്രെയിനേജ് സംവിധാനത്തോട് കൂടിയ നാച്ചറൽ ഫുട്ബോൾ ടർഫ്, അനുബന്ധ സൗകര്യങ്ങൾ, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് ഗ്രൗണ്ട്, ഗ്യാലറി ബിൽഡിംഗ്, കുട്ടികൾക്കു വേണ്ടിയുള്ള കായിക ഉപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സ.ഉ.(സാധാ)നം. 65/2023/ കാ.യു.വ തീയതി 24.02.2023 പ്രകാരം കുന്നംകുളം സ്പോർട്സ് ഡിവിഷനിൽ ഹോസ്റ്റൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനായി 4,57,13,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തിയാക്കി ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കായികയുവജനകാര്യ വകുപ്പിന്റെ നിർമ്മാണ പ്രവർത്തികളുടെ എസ്.പി.വി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ച് വരുന്നു.** |
| (ബി) | കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ കായിക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് ശാസ്ത്രീയമായി ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) | **നടത്തിയിട്ടില്ല** |
| (സി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | **നടത്തിയിട്ടില്ല** |

സെക്ഷൻ ഓഫീസർ